©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

## പതിനഞ്ചാം കേരള നിയമസഭ
## (FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി VII
## (SUBJECT COMMITTEE VII)

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും
## (ELECTRICITY, LABOUR AND LABOUR WELFARE)

## 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

2021 ജൂലൈ 26-ാം തീയതി സമർപ്പിച്ചത്
(Presented on 26th July 2021)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM

2021

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി VII

## (SUBJECT COMMITTEE VII)

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും

## (ELECTRICITY, LABOUR AND LABOUR WELFARE)

2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

959/2021.

# ഉള്ളടക്കം

| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി VII
# വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും
# (2019-2021)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. കെ. കൃഷ്ണൻകുട്ടി,
വൈദ്യുതി വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗം</u> :

ശ്രീ. വി. ശിവൻകുട്ടി,
പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

| | |
|---|---|
| ശ്രീ. അൻവർ സാദത്ത്, | എം.എൽ.എ. |
| ശ്രീ. എ. കെ. എം. അഷ്റഫ്, | എം.എൽ.എ. |
| ശ്രീ. എം. എം. മണി, | എം.എൽ.എ. |
| ശ്രീ. പി. നന്ദകുമാർ, | എം.എൽ.എ. |
| ശ്രീ. എ. പ്രഭാകരൻ, | എം.എൽ.എ. |
| ശ്രീ. കെ. കെ. രാമചന്ദ്രൻ, | എം.എൽ.എ. |
| ശ്രീ. വാഴൂർ സോമൻ, | എം.എൽ.എ. |

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ജോയിന്റ് സെക്രട്ടറി

ശ്രീ. ഹരി വിശ്വൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജയകുമാർ. ജി, അണ്ടർ സെക്രട്ടറി.

# അവതാരിക

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ 2020-21 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം ഞാൻ സമർപ്പിക്കുന്നു.

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ 2020-21 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുടെ അടിസ്ഥാനത്തിലുള്ള അഞ്ചാമത് റിപ്പോർട്ടിലെ തൊഴിലും നൈപുണ്യവും, ഊർജ്ജം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച അനന്തര നടപടികൾ ഉൾപ്പെടുന്നതാണ് ഈ റിപ്പോർട്ട്.

സബ്ജക്ട് കമ്മിറ്റി VII-ന്റെ 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് 2020 മാർച്ച് 2-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച അനന്തര നടപടി സ്റ്റേറ്റ്മെന്റുകൾ സമിതിയുടെ 21-1-2021, 30-6-2021 എന്നീ തീയതികളിലെ യോഗങ്ങളിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2021 ജൂൺ 30-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

തിരുവനന്തപുരം,
2021 ജൂൺ 30.

കെ. കൃഷ്ണൻകുട്ടി,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി* VII.

# റിപ്പോർട്ട്

## അദ്ധ്യായം I

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ മറുപടി ലഭിച്ച ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകളും.

### തൊഴിലും നൈപുണ്യവും വകുപ്പ്

#### ശിപാർശ

2230-01-001-99—ഭരണവും നടത്തിപ്പും

വിഹിതം : 6,24,47,000 രൂപ (പദ്ധതിയേതരം)

ലേബർ കമ്മീഷണറുടെ ഓഫീസിലെ വെള്ളക്കരം, വൈദ്യുതി ചാർജ്, ടെലിഫോൺ ചാർജ്, ഔദ്യോഗിക ഭാഷാ പ്രയോഗം, വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ, ഇന്ധനം, വാടക, കരം, നികുതി, മറ്റ് ചെലവുകൾ എന്നീ ഇനങ്ങളിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഭരണവും നടത്തിപ്പും- വെള്ളക്കരം [05(1)] ഇനത്തിൽ 2 ലക്ഷം രൂപയും വൈദ്യുതി ചെലവ് [05(2)] ഇനത്തിൽ 6 ലക്ഷം രൂപയും ടെലിഫോൺ ചെലവ് [05(3)] ഇനത്തിൽ 2 ലക്ഷം രൂപയും ഔദ്യോഗിക ഭാഷാ പ്രയോഗം [26] ഇനത്തിൽ 1 ലക്ഷം രൂപയും മോട്ടോർവാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] ഇനത്തിൽ 3.51 ലക്ഷം രൂപയും വാടക, കരം, നികുതി [06] ഇനത്തിൽ 2.3 ലക്ഷം രൂപയും, പി.ഒ.എൽ. [45] ഇനത്തിൽ 3 ലക്ഷം രൂപയും മറ്റ് ചെലവുകൾ [34(3)] ഇനത്തിൽ 2 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 21.81 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

#### സർക്കാർ സ്വീകരിച്ച നടപടി

നടപ്പ് വർഷത്തെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ചതിനുശേഷം അധികമായി വേണ്ടിവരുന്ന തുകയുടെ ആവശ്യകത വ്യക്തമാക്കി അനുബന്ധരേഖകൾ സഹിതം ശിപാർശ ലഭ്യമാക്കുന്നമുറയ്ക്ക് സംസ്ഥാനത്തിന്റെ വിഭവ ലഭ്യതകൂടി കണക്കിലെടുത്ത് അധികതുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ് എന്ന വിവരം ലേബർ കമ്മീഷണറെ അറിയിച്ചിരുന്നു. എന്നാൽ അധികതുകയ്ക്കുള്ള ശിപാർശ ലഭ്യമാക്കിയിട്ടില്ല.

2230-01-001-98—ജില്ല ആഫീസുകൾ

വിഹിതം : 21,25,37,000 രൂപ (പദ്ധതിയേതരം)

ശിപാർശ

മൂന്ന് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരുടെ ഓഫീസുകളിലെയും നാല് ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരുടെ ഓഫീസുകളിലെയും പതിനാല് ജില്ലാ ലേബർ ഓഫീസുകളിലെയും വാഹനങ്ങളുടെ വാടക [97] ഇനത്തിന് ശീർഷകം അനുവദിച്ച് ആയതിലേക്ക് 7.2 ലക്ഷം രൂപയും മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] ഇനത്തിൽ 3 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 10.20 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

സർക്കാർ സ്വീകരിച്ച നടപടി

നടപ്പ് വർഷത്തെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായി വിനിയോഗിച്ചതിനുശേഷം അധികമായി വേണ്ടിവരുന്ന തുകയുടെ ആവശ്യകത വ്യക്തമാക്കി അനുബന്ധരേഖകൾ സഹിതം, ശിപാർശ ലഭ്യമാക്കുന്നമുറയ്ക്ക് സംസ്ഥാനത്തിന്റെ വിഭവ ലഭ്യതകൂടി കണക്കിലെടുത്ത് അധികതുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ് എന്ന വിവരം ലേബർ കമ്മീഷണറെ അറിയിച്ചിരുന്നു. എന്നാൽ അധികതുകയ്ക്കുള്ള ശിപാർശ ലഭ്യമാക്കിയിട്ടില്ല.

ശിപാർശ

2230-01-001-95—കേരളത്തിലെ കടകൾക്കും വാണിജ്യ സ്ഥാപനങ്ങൾക്കുമായി ഗ്രേഡിംഗ് സംവിധാനം

വിഹിതം : 8,00,000 രൂപ (പദ്ധതി)

കേരളത്തിലെ വ്യാപാര വ്യവസായ സ്ഥാപനങ്ങളുടെ ഗ്രേഡിംഗ്, തൊഴിൽ ശ്രേഷ്ഠ അവാർഡ് എന്നീ പദ്ധതികൾക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 17 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

<u>അന്തിമ മറുപടി</u>

ഗ്രേഡിംഗ്, തൊഴിൽ ശ്രേഷ്ഠ അവാർഡ് എന്നീ പദ്ധതികൾക്കായി ആകെ 24,04,203 രൂപ (ഇരുപത്തിനാല് ലക്ഷത്തി നാലായിരത്തി ഇരുന്നൂറ്റി മൂന്ന് രൂപ മാത്രം) കൂടി 2230-01-001-95 ശീർഷകത്തിൽ വകയിരുത്തുന്നതിനുള്ള പ്രൊപ്പോസൽ ലേബർ കമ്മീഷണർ സമർപ്പിക്കുകയും ആയത് പരിഗണിച്ച് 29-1-2021-ലെ സ.ഉ. (സാധാ.) നമ്പർ 807/2021/ധന നമ്പർ ഉത്തരവ് പ്രകാരം 24,05,000 രൂപ (ഇരുപത്തിനാല് ലക്ഷത്തി അയ്യായിരം രൂപ മാത്രം) ധനപുനഃവിനിയോഗം നടത്തുന്നതിന് സർക്കാർ അനുമതി നൽകുകയുമുണ്ടായി.

<u>ശിപാർശ</u>

2230-01-101-99—<u>കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിനുള്ള ഉപദേശക ബോർഡ്</u>

വിഹിതം : 34,77,000 രൂപ (പദ്ധതിയേതരം)

മിനിമം വേജസ് അഡ്വൈസറി ബോർഡിന്റെയും സർക്കാർ കാലാകാലങ്ങളായി രൂപീകരിക്കുന്ന മിനിമം വേജസ് കമ്മിറ്റികളിലെയും ചെലവുകൾ നിർവ്വഹിക്കുന്ന ഈ ശീർഷകത്തിൽ യാത്രാബത്ത, ഇന്ധനം എന്നീ ഇനങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക കുറവാകയാൽ, <u>യാത്രാബത്ത [04(1)] ഇനത്തിൽ 10 ലക്ഷം രൂപയും ഇന്ധനം (പി.ഒ.എൽ) [45] ഇനത്തിൽ 1 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 11 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 4)

<u>അന്തിമ നടപടി</u>

കോവിഡ്-19 മഹാമാരിയെ തുടർന്ന് 2230-01-101-99-04-01 (TA), 2230-01-101-99-45 (POL) ശീർഷകങ്ങളിൽ അധികതുകയുടെ ചെലവ് പ്രതീക്ഷിക്കുന്നില്ലായെന്നും വിഷയനിർണ്ണയ സമിതി ശിപാർശ ചെയ്ത അധികതുക ആവശ്യമില്ലായെന്നും ലേബർ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു.

<u>ശിപാർശ</u>

2230-01-102-98—<u>തോട്ടങ്ങളുടെ ഇൻസ്പെക്ടറാഫീസ്</u>

വിഹിതം : 3,42,38,000 രൂപ (പദ്ധതിയേതരം)

ചീഫ് പ്ലാന്റേഷൻ ഇൻസ്പെക്ടർ ഓഫീസിന്റെയും 11 പ്ലാന്റേഷൻ ഇൻസ്പെക്ടർ ഓഫീസുകളിലെയും യാത്രാബത്ത, ഓഫീസ് ചെലവുകൾ, വാടക, കരം, നികുതി, മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണി, ഇന്ധനം, വിവരസാങ്കേതികവിദ്യ എന്നീ ഇനങ്ങളിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ യാത്രാബത്ത [04(1)] ഇനത്തിൽ 2 ലക്ഷം രൂപയും ഓഫീസ് ചെലവുകൾ [05(4)] ഇനത്തിൽ 2 ലക്ഷം രൂപയും വാടക, കരം, നികുതി (06) ഇനത്തിൽ 2 ലക്ഷം രൂപയും മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണി [21(2)] ഇനത്തിൽ 3 ലക്ഷം രൂപയും പി.ഒ.എൽ. [45] ഇനത്തിൽ 2 ലക്ഷം രൂപയും വിവരസാങ്കേതികവിദ്യ [99] ഇനത്തിൽ 50,000 രൂപയും ഉൾപ്പെടെ ആകെ 11.5 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

## സർക്കാർ സ്വീകരിച്ച നടപടി

നടപ്പ് വർഷത്തെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായി വിനിയോഗിച്ചതിനുശേഷം അധികമായി വേണ്ടിവരുന്ന തുകയുടെ ആവശ്യകത വ്യക്തമാക്കി അനുബന്ധരേഖകൾ സഹിതം, ശിപാർശ ലഭ്യമാക്കുന്നമുറയ്ക്ക് സംസ്ഥാനത്തിന്റെ വിഭവ ലഭ്യതകൂടി കണക്കിലെടുത്ത് അധികതുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ് എന്ന വിവരം ലേബർ കമ്മീഷണറെ അറിയിച്ചിരുന്നു. എന്നാൽ അധികതുകയ്ക്കുള്ള ശിപാർശ ലഭ്യമാക്കിയിട്ടില്ല.

## ശിപാർശ

2230-01-103-99—പൊതുവായ തൊഴിലാളിക്ഷേമം - ക്ഷേമകാര്യ പ്രവർത്തനങ്ങൾ (ജനറൽ)

വിഹിതം : 17,22,13,000 രൂപ (പദ്ധതിയേതരം)

101 അസിസ്റ്റന്റ് ലേബർ ഓഫീസുകളുടെയും 5 ഡെപ്യൂട്ടി ലേബർ ഓഫീസുകളുടെയും ചെലവുകൾ നിർവ്വഹിക്കുന്ന ഈ ശീർഷകത്തിൽ ടെലിഫോൺ ചെലവ്, ഓഫീസ് ചെലവുകൾ എന്നീ ഇനങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക കുറവായതിനാൽ, ടെലിഫോൺ ചെലവ് [05(3)] ഇനത്തിൽ 5 ലക്ഷം രൂപയും ഓഫീസ് ചെലവുകൾ [05(4)] ഇനത്തിൽ 5 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 10 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

നടപ്പ് വർഷത്തെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായി വിനിയോഗിച്ചതിനുശേഷം അധികമായി വേണ്ടിവരുന്ന തുകയുടെ ആവശ്യകത വ്യക്തമാക്കി അനുബന്ധരേഖകൾ സഹിതം, ശിപാർശ ലഭ്യമാക്കുന്നമുറയ്ക്ക് സംസ്ഥാനത്തിന്റെ വിഭവ ലഭ്യതകൂടി കണക്കിലെടുത്ത് അധികതുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ് എന്ന വിവരം ലേബർ കമ്മീഷണറെ അറിയിച്ചിരുന്നു. എന്നാൽ അധികതുകയ്ക്കുള്ള ശിപാർശ ലഭ്യമാക്കിയിട്ടില്ല.

<u>ശിപാർശ</u>

2230-01-103-94-10—<u>മരംകയറ്റ തൊഴിലാളികൾക്കുള്ള സാമ്പത്തിക സഹായം (ജനറൽ) സംഭാവന</u>

വിഹിതം : 3,00,00,000 രൂപ (പദ്ധതിയേതരം)

മരംകയറ്റ തൊഴിലാളികൾക്കുള്ള ധനസഹായ വിതരണത്തിനായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ <u>50 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 7)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2020-21 സാമ്പത്തിക വർഷം കേരള മരംകയറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരമുള്ള ധനസഹായ വിതരണത്തിനായി 2230-01-103-94-10-NP ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 3,00,00,000 (മൂന്ന് കോടി രൂപ മാത്രം) രൂപയിൽനിന്നും 1,71,85,000 രൂപ (ഒരു കോടി എഴുപത്തിയൊന്ന് ലക്ഷത്തി എൺപത്തയ്യായിരം രൂപ മാത്രം) 2019 ഫെബ്രുവരി മുതൽ 2020 മേയ് വരെ പാസ്സാക്കിയ അപേക്ഷകൾക്ക് വിതരണം ചെയ്യുന്നതിനായി 25-8-2020-ലെ സ.ഉ(സാധാ.) നമ്പർ 847/2020/തൊഴിൽ പ്രകാരം ലേബർ കമ്മീഷണർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത തുക അനുവദിച്ചതിനുശേഷം മേൽശീർഷകത്തിൽ അവശേഷിക്കുന്ന 1,28,15,000 രൂപ (ഒരു കോടി ഇരുപത്തിയെട്ട് ലക്ഷത്തി പതിനയ്യായിരം രൂപ മാത്രം) 2020-21 സാമ്പത്തിക വർഷത്തേയ്ക്ക് പര്യാപ്തമാകുമെന്നതിനാൽ വിഷയനിർണ്ണയ സമിതി ഖണ്ഡിക '7' -ൽ ശിപാർശ ചെയ്ത അധികതുക ആവശ്യമായി വരുന്നില്ല.

ശിപാർശ

2230-01-103-89—തൊഴിൽ വകുപ്പിന്റെ നവീകരണവും വേതനം ഇ-പേമെന്റ് മുഖേനയാക്കലും

വിഹിതം : 1,32,00,000 രൂപ (പദ്ധതി)

തൊഴിൽ വകുപ്പിന്റെ ആധുനികവൽക്കരണം, ആധാർ ലിങ്ക് ചെയ്തിട്ടുള്ള ബയോമെട്രിക് പഞ്ചിംഗ്/തൊഴിൽ വകുപ്പ് നവീകരണം, വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കൽ, AIIS സോഫ്റ്റ്‌വെയർ പരിഷ്കരണം എന്നീ പദ്ധതികളുടെ നടത്തിപ്പിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.18 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

സർക്കാർ സ്വീകരിച്ച നടപടി

നടപ്പ് വർഷത്തെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായി വിനിയോഗിച്ചതിനുശേഷം അധികമായി വേണ്ടിവരുന്ന തുകയുടെ ആവശ്യകത വ്യക്തമായി അനുബന്ധരേഖകൾ സഹിതം, ശിപാർശ ലഭ്യമാക്കുന്നമുറയ്ക്ക് സംസ്ഥാനത്തിന്റെ വിഭവ ലഭ്യതകൂടി കണക്കിലെടുത്ത് അധികതുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ് എന്ന വിവരം ലേബർ കമ്മീഷണറെ അറിയിച്ചിരുന്നു. എന്നാൽ അധികതുകയ്ക്കുള്ള ശിപാർശ ലഭ്യമാക്കിയിട്ടില്ല.

ശിപാർശ

2230-01-103-87-10—പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്കുള്ള ധനസഹായം-സംഭാവന

വിഹിതം : 10,03,03,000 രൂപ (പദ്ധതിയേതരം)

പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്കുള്ള ധനസഹായത്തിനായി കൂടുതൽ തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 4.9697 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ടി ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ശേഷിക്കുന്നുണ്ട്. ഫണ്ട് പൂർണ്ണമായും വിനിയോഗിക്കാത്ത സാഹചര്യത്തിൽ അധികതുക നിലവിൽ ആവശ്യമില്ല.

<u>ശിപാർശ</u>

2230-01-103-84—<u>തൊഴിൽ വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടി</u>

വിഹിതം : 85,00,000 രൂപ (പദ്ധതി)

തൊഴിൽ വകുപ്പ് വഴി ലഭ്യമാകുന്ന പരാതി പരിഹാര സേവനം, വകുപ്പ് നടത്തിവരുന്ന പരിപാടികൾ, പദ്ധതികൾ എന്നിവയെക്കുറിച്ചുള്ള ബോധവത്കരണ പരിപാടിക്കായി കൂടുതൽ തുക ആവശ്യമായതിനാൽ <u>ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 11)

<u>സ്വീകരിച്ച നടപടി</u>

നടപ്പ് വർഷത്തെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായി വിനിയോഗിച്ചതിനുശേഷം അധികമായി വേണ്ടിവരുന്ന തുകയുടെ ആവശ്യകത വ്യക്തമാക്കി അനുബന്ധരേഖകൾ സഹിതം, ശിപാർശ ലഭ്യമാക്കുന്നമുറയ്ക്ക് സംസ്ഥാനത്തിന്റെ വിഭവ ലഭ്യതകൂടി കണക്കിലെടുത്ത് അധികതുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ് എന്ന വിവരം ലേബർ കമ്മീഷണറെ അറിയിച്ചിരുന്നു. എന്നാൽ അധികതുകയ്ക്കുള്ള ശിപാർശ ലഭ്യമാക്കിയിട്ടില്ല.

<u>ശിപാർശ</u>

2230-01-103-72—<u>കേരള കർഷക തൊഴിലാളി ക്ഷേമ ബോർഡ്-അംശദാനം</u>

വിഹിതം: 100,00,00,000 രൂപ (പദ്ധതിയേതരം)

കേരള കർഷകതൊഴിലാളി ക്ഷേമബോർഡിന് 2014 മുതലുള്ള അധിവർഷ ആനുകൂല്യ കുടിശ്ശികയും മറ്റ് ആനുകൂല്യങ്ങളും കൊടുത്തുതീർക്കുന്നതിനായി <u>ഈ ശീർഷകത്തിൽ 121 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 13)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

22-10-2018-ലെ സ.ഉ.(സാധാ.) നമ്പർ 1209/18/ധന ഉത്തരവ് പ്രകാരം കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് 100 കോടി രൂപ അനുവദിച്ചു നൽകിയിരുന്നു. പ്രസ്തുത തുക പൂർണ്ണമായും വിനിയോഗിച്ചശേഷം, തുകയുടെ വിനിയോഗ സാക്ഷ്യപത്രം സഹിതം, ശിപാർശ സമർപ്പിക്കുന്നമുറയ്ക്ക് സമിതി ശിപാർശ ചെയ്ത അധികം തുക വകയിരുത്തുന്നത് പരിശോധിക്കാവുന്നതാണെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2230-01-103-62-10—<u>പ്ലാന്റേഷൻ തൊഴിലാളികൾക്കുള്ള ആശ്വാസ നിധി സംഭാവന</u>

വിഹിതം : 1,10,00,000 രൂപ (പദ്ധതിയേതരം)

പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റിക്ക് 2020-21 സാമ്പത്തിക വർഷം ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള ധനസഹായം, പുനരധിവാസം എന്നിവയ്ക്കുവേണ്ടി അധികതുക ആവശ്യമുള്ളതിനാൽ <u>ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 14)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ടി ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ശേഷിക്കുന്നുണ്ട്. അനുവദിച്ച ഫണ്ട് പൂർണ്ണമായും വിനിയോഗിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത ശീർഷകത്തിൽ അധികതുക നിലവിൽ ആവശ്യമില്ല.

<u>ശിപാർശ</u>

2230-01-103-59-10—<u>കേരള പീടിക വാണിജ്യ സ്ഥാപന തൊഴിലാളി ക്ഷേമനിധി ബോർഡ്-സംഭാവന</u>

വിഹിതം : 1,50,00,000 രൂപ (പദ്ധതിയേതരം)

കേരള പീടിക വാണിജ്യ സ്ഥാപന തൊഴിലാളി ക്ഷേമനിധി ബോർഡിന് സർക്കാർ ഗ്രാന്റ് കുടിശ്ശിക ലഭിക്കേണ്ടതുള്ളതിനാൽ <u>18.3025 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 16)

സർക്കാർ സ്വീകരിച്ച നടപടി

കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ 15-4-2020-ലെ സ.ഉ.(സാധാ.) നമ്പർ 2768/2020/ധന. ഉത്തരവ് പ്രകാരം കേരള ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിന് 37,06,86,000 രൂപ (മുപ്പത്തിയേഴ് കോടി ആറ് ലക്ഷത്തി എൺപത്തി ആറായിരം രൂപ മാത്രം) അഡീഷണൽ ആതറൈസേഷൻ വഴി അനുവദിച്ചുകൊടുത്തിട്ടുള്ളതിനാൽ അംശദായ കുടിശ്ശികയിനത്തിൽ ഇനി സർക്കാരിൽ നിന്നും തുകയൊന്നും ലഭിക്കാനില്ലായെന്ന് കേരള കടകളും വാണിജ്യ സ്ഥാപന തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഖണ്ഡിക 16-ൽ സമിതി ശിപാർശ ചെയ്ത അധികതുക ആവശ്യമായി വരുന്നില്ല.

ശിപാർശ

2230-01-103-33—പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമ്പത്തിക സഹായം

വിഹിതം : 75,00,00,000 രൂപ (പദ്ധതി)

പരമ്പരാഗത മേഖലയിലുള്ള, ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമ ബോർഡ്, ഫിഷറീസ് വകുപ്പ്, ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്, ഹാൻഡ്‌ലൂം ആന്റ് ടെക്സ്റ്റൈൽസ്, കയർ ഡയറക്ടറേറ്റ്, ബീഡി ആന്റ് സിഗാർ, ഹാൻഡ് ലൂം തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവയ്ക്ക് കുടിശ്ശികയായിട്ടുള്ള ധനസഹായം നൽകേണ്ടതുള്ളതിനാൽ 25 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

സർക്കാർ സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ശേഷിക്കുന്നുണ്ട്. ഫണ്ട് പൂർണ്ണമായും വിനിയോഗിക്കാത്ത സാഹചര്യത്തിൽ അധികതുക നിലവിൽ ആവശ്യമില്ല.

ശിപാർശ

2230-01-103-29—ആം ആദ്മി ബീമാ യോജന-(50%കേന്ദ്ര സഹായം)

വിഹിതം : 5,60,00,000 രൂപ (പദ്ധതി)

ആം ആദ്മി ബീമായോജന, പ്രധാൻമന്ത്രി ജീവൻജ്യോതി ബീമാ യോജന, പ്രധാനമന്ത്രി സുരക്ഷാ ബീമാ യോജന എന്നീ പദ്ധതികൾ കൂട്ടിയോജിപ്പിച്ചിട്ടുള്ളതിനാൽ ടി പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 5.4 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

സർക്കാർ സ്വീകരിച്ച നടപടി

1-4-2020 മുതൽ ആബി ഗുണഭോക്താക്കളെ മുഴുവൻ പ്രീമിയം പേമെന്റ് വ്യവസ്ഥയിലേയ്ക്ക് മാറ്റിയതിനാൽ ടി പോളിസികൾ 2020-21 വർഷത്തേയ്ക്ക് പുതുക്കിയിട്ടില്ല. ആയതിനാൽ ടി പദ്ധതിക്കായി 2020-21 സാമ്പത്തിക വർഷം 2230-01-103-29 പ്ലാൻ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക ചിസ് പ്ലസ് പദ്ധതി കുടിശ്ശിക ഇനത്തിൽ വിനിയോഗിക്കുന്നതിനായി റീ-അപ്രോപ്രിയേഷൻ മുഖേനെ 30-3-2021-ലെ സ. ഉ. (സാധാ.) 569/2021/തൊഴിൽ ഉത്തരവ് പ്രകാരം 2230-01-103-30-01 (പ്ലാൻ) ശീർഷകത്തിലേക്ക് അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2230-01-103-16—അന്യ സംസ്ഥാന കുടിയേറ്റ തൊഴിലാളികളുടെ പുനരധിവാസ പദ്ധതി

വിഹിതം : 3,75,00,000 രൂപ (പദ്ധതി)

ഇതരസംസ്ഥാന തൊഴിലാളികൾക്ക് കുറഞ്ഞ വാടകയ്ക്ക് ഹോസ്റ്റൽ സൗകര്യം ഒരുക്കുന്നതിനുള്ള പദ്ധതിയായ അപ്നാഘർ പദ്ധതിക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 1.25 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

സർക്കാർ സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ശേഷിക്കുന്നുണ്ട്. അനുവദിച്ച ഫണ്ട് പൂർണ്ണമായും വിനിയോഗിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത ശീർഷകത്തിൽ അധികതുക നിലവിൽ ആവശ്യമില്ല.

ശിപാർശ

2230-01-103-15—നഗരങ്ങളിലെ അസംഘടിതരായ ദരിദ്രതൊഴിലാളികൾക്കായുള്ള ചെലവ് കുറഞ്ഞ ഭവനനിർമ്മാണവും പ്ലാന്റേഷൻ പുനരധിവാസം പദ്ധതിയും

വിഹിതം : 80,00,000 രൂപ (പദ്ധതി)

ഭവനം ഫൗണ്ടേഷൻ കേരള വിഭാവനം ചെയ്യുന്ന 400 സ്ക്വയർഫീറ്റ് യൂണിറ്റിൽ 2 കിടപ്പുമുറികളും ഹാളും, അടുക്കളയും ഉള്ള G+ 2 നിലകളോടുകൂടിയ കെട്ടിടങ്ങളുള്ള ഭവനം പദ്ധതിയുടെ പൂർത്തീകരണത്തിനായി 19.2 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

സർക്കാർ സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ശേഷിക്കുന്നുണ്ട്. അനുവദിച്ച ഫണ്ട് പൂർണ്ണമായും വിനിയോഗിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത ശീർഷകത്തിൽ അധികതുക നിലവിൽ ആവശ്യമില്ല.

ശിപാർശ

4250-00-201-92—മൂന്നാറിൽ ലേബർ കോംപ്ലക്സ് നിർമ്മാണം

വിഹിതം : 40,00,000 രൂപ (പദ്ധതി)

മൂന്നാർ ലേബർ കോംപ്ലക്സ് നിർമ്മാണം ഈ സാമ്പത്തിക വർഷംതന്നെ പൂർത്തിയാക്കേണ്ടതുള്ളതിനാൽ 1.36 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സർക്കാർ സ്വീകരിച്ച നടപടി

നടപ്പ് വർഷത്തെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായി വിനിയോഗിച്ചതിനുശേഷം അധികമായി വേണ്ടിവരുന്ന തുകയുടെ ആവശ്യകത വ്യക്തമാക്കി അനുബന്ധരേഖകൾ സഹിതം, ശിപാർശ ലഭ്യമാക്കുന്നമുറയ്ക്ക് സംസ്ഥാനത്തിന്റെ വിഭവ ലഭ്യതകൂടി കണക്കിലെടുത്ത് അധികതുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ് എന്ന വിവരം ലേബർ കമ്മീഷണറെ അറിയിച്ചിരുന്നു. എന്നാൽ അധിക തുകയ്ക്കുള്ള ശിപാർശ ലഭ്യമാക്കിയിട്ടില്ല.

ശിപാർശ

4250-00-201-91—നഗര പ്രദേശത്ത് ജോലി ചെയ്യുന്ന സ്ത്രീകൾക്കുള്ള സ്റ്റുഡിയോ അപ്പാർട്ട്മെന്റ്

വിഹിതം : 1,80,00,000 രൂപ (പദ്ധതി)

കേരളത്തിലെ നഗര പ്രദേശങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്ക് വാടകയ്ക്ക് നല്ല നിലവാരത്തിലുള്ളതും മാന്യവും സുരക്ഷിതവുമായ താമസസൗകര്യം ഒരു സ്റ്റുഡിയോ അപ്പാർട്ട്മെന്റിന്റെ രൂപത്തിൽ നൽകുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി മേനംകുളത്തെ സ്റ്റുഡിയോ അപ്പാർട്ട്മെന്റിന്റെ പണി ഈ സാമ്പത്തിക വർഷംതന്നെ പൂർത്തീകരിക്കേണ്ടതുള്ളതിനാൽ 51 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

സർക്കാർ സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ശേഷിക്കുന്നുണ്ട്. അനുവദിച്ച ഫണ്ട് പൂർണ്ണമായും വിനിയോഗിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത ശീർഷകത്തിൽ അധികതുക നിലവിൽ ആവശ്യമില്ല.

**വ്യാവസായിക പരിശീലന വകുപ്പ്**

ശിപാർശ

2230-03-001-99—ട്രെയിനിംഗ് ഡയറക്ടറേറ്റ്

വിഹിതം : 6,81,46,000 രൂപ (പദ്ധതിയേതരം)

ട്രെയിനിംഗ് ഡയറക്ടറേറ്റിന് വിവിധ ചെലവുകൾക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് [01(4)] ഇനത്തിൽ 3.54 ലക്ഷം രൂപയും യാത്രാബത്ത [04(1)] ഇനത്തിൽ 5 ലക്ഷം രൂപയും സ്ഥലംമാറ്റബത്ത [04(2)] ഇനത്തിൽ 65,000 രൂപയും അവധി യാത്രാനുകൂല്യം [04(4)] ഇനത്തിൽ 3.23 ലക്ഷം രൂപയും വെള്ളക്കരം [05(1)] ഇനത്തിൽ 81,000 രൂപയും വൈദ്യുതി ചെലവുകൾ [05(2)] ഇനത്തിൽ 1.3 ലക്ഷം രൂപയും ടെലിഫോൺ ചെലവുകൾ [05(3)] ഇനത്തിൽ 2 ലക്ഷം രൂപയും ഓഫീസ് ചെലവുകൾ- മറ്റിനങ്ങൾ [05(4)] ഇനത്തിൽ 3.05 ലക്ഷം രൂപയും മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] ഇനത്തിൽ 96,000 രൂപയും മറ്റ് ചെലവുകൾ- മറ്റിനം [34(3)] ഇനത്തിൽ 12 ലക്ഷം രൂപയും പി.ഒ.എൽ [45] ഇനത്തിൽ 1.75 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 34.29 ലക്ഷം രൂപ ഈ ശീർഷകത്തിൽ

അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

സർക്കാർ സ്വീകരിച്ച നടപടി

കോവിഡ് -19 രോഗബാധ രൂക്ഷമായതുമൂലമുള്ള പ്രതിസന്ധികൾ കാരണം ബഡ്ജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിക്കപ്പെടാതിരുന്നതിനാൽ അധികതുക ആവശ്യമായി വന്നില്ല.

ശിപാർശ

2230-03-001-98—സ്റ്റാഫ് ട്രെയിനിംഗ് സംവിധാനം വികസിപ്പിക്കൽ

വിഹിതം : 31,08,000 രൂപ (പദ്ധതിയേതരം)

സ്റ്റാഫ് ട്രെയിനിംഗ് സംവിധാനം വികസിപ്പിക്കുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ യാത്രാബത്ത [04(1)] ഇനത്തിൽ 25,000 രൂപയും സ്ഥലംമാറ്റബത്ത [04(2)] ഇനത്തിൽ 3,000 രൂപയും അവധിയാത്രാനുകൂല്യം [04(4)] ഇനത്തിൽ 8,000 രൂപയും വെള്ളക്കരം [05(1)] ഇനത്തിൽ 11,000 രൂപയും വൈദ്യുതചെലവുകൾ [05(2)] ഇനത്തിൽ 70,000 രൂപയും ടെലിഫോൺ ചെലവുകൾ [05(3)] ഇനത്തിൽ 15,000 രൂപയും ഓഫീസ് ചെലവുകൾ-മറ്റിനം [05(4)] ഇനത്തിൽ 18,000 രൂപയും ചെറുകിടമരാമത്ത് പണികൾ [17] ഇനത്തിൽ 11,000 രൂപയും മറ്റുചെലവുകൾ-മറ്റിനം [34(3)] ഇനത്തിൽ 14,000 രൂപയും ഉൾപ്പെടെ ആകെ 1.75 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

സർക്കാർ സ്വീകരിച്ച നടപടി

കോവിഡ് -19 രോഗബാധ രൂക്ഷമായതുമൂലമുള്ള പ്രതിസന്ധികൾ കാരണം ബഡ്ജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിക്കപ്പെടാതിരുന്നതിനാൽ അധികതുക ആവശ്യമായി വന്നില്ല.

ശിപാർശ

2230-03-003-98—തൊഴിലുകളുടെ വൈവിധ്യവൽക്കരണം

വിഹിതം : 43,35,000 രൂപ (പദ്ധതിയേതരം)

തൊഴിലുകളുടെ വൈവിധ്യവൽക്കരണത്തിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ സ്കോളർഷിപ്പുകളും സ്റ്റൈപ്പെന്റുകളും [12] ഇനത്തിൽ 45,000 രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

സർക്കാർ സ്വീകരിച്ച നടപടി

കോവിഡ് -19 രോഗബാധ രൂക്ഷമായതുമൂലമുള്ള പ്രതിസന്ധികൾ കാരണം ബഡ്ജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിക്കപ്പെടാതിരുന്നതിനാൽ അധികതുക ആവശ്യമായി വന്നില്ല.

ശിപാർശ

2230-03-003-97—കേരള ലേബർ വെൽഫെയർ ഫണ്ട് നിർദ്ദേശിക്കുന്ന വ്യക്തികൾക്ക് പരിശീലനം

വിഹിതം : 95,92,000 രൂപ (പദ്ധതിയേതരം)

കേരള ലേബർ വെൽഫെയർ ഫണ്ട് നിർദ്ദേശിക്കുന്ന വ്യക്തികൾക്ക് പരിശീലനം നൽകുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ സ്കോളർഷിപ്പുകളും സ്റ്റൈപ്പെന്റുകളും [12] ഇനത്തിൽ 49,000 രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

സർക്കാർ സ്വീകരിച്ച നടപടി

കോവിഡ് -19 രോഗബാധ രൂക്ഷമായതുമൂലമുള്ള പ്രതിസന്ധികൾ കാരണം ബഡ്ജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിക്കപ്പെടാതിരുന്നതിനാൽ അധികതുക ആവശ്യമായി വന്നില്ല.

ശിപാർശ

2230-03-101-99—വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ

വിഹിതം : 170,94,09,000 രൂപ (പദ്ധതിയേതരം)

വിവിധ വ്യാവസായിക പരിശീലന കേന്ദ്രങ്ങളുടെ നടത്തിപ്പിനായി മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 29.85 ലക്ഷം രൂപയും യാത്രാബത്ത [04(1)] ഇനത്തിൽ 226.38 ലക്ഷം രൂപയും സ്ഥലംമാറ്റബത്ത [04(2)] ഇനത്തിൽ 2.2 ലക്ഷം

രൂപയും, അവധി യാത്രാനുകൂല്യം [04(4)] ഇനത്തിൽ 4.4 ലക്ഷം രൂപയും ടെലിഫോൺ ചെലവുകൾ [05(3)] ഇനത്തിൽ 8.23 ലക്ഷം രൂപയും ഓഫീസ് ചെലവുകൾ-മറ്റിനം [05(4)] ഇനത്തിൽ 8.5 ലക്ഷം രൂപയും, വാടക, കരം, നികുതി [06] ഇനത്തിൽ 2 ലക്ഷം രൂപയും സ്കോളർഷിപ്പുകളും സ്റ്റൈപ്പെന്റുകളും [12] ഇനത്തിൽ 100 ലക്ഷം രൂപയും ചെറുകിടമരാമത്ത് പണികൾ [17] ഇനത്തിൽ 175 ലക്ഷം രൂപയും തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ [28] ഇനത്തിൽ 74 ലക്ഷം രൂപയും വെള്ളക്കരം [34(1)] ഇനത്തിൽ 10 ലക്ഷം രൂപയും വൈദ്യുതചെലവുകൾ [34(2)] ഇനത്തിൽ 35.20 ലക്ഷം രൂപയും മറ്റ് ചെലവുകൾ-മറ്റിനം [34(3)] ഇനത്തിൽ 213.75 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 889.51 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

സർക്കാർ സ്വീകരിച്ച നടപടി

2230-03-101-99—വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ എന്ന ശീർഷകത്തിൽ ടെലിഫോൺ ചെലവ് ഇനത്തിൽ 4,50,000 രൂപ ധനപുനഃവിനിയോഗംവഴി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2230-03-101-96—വനിത വ്യാവസായിക പരിശീലന കേന്ദ്രം, തിരുവനന്തപുരം

വിഹിതം : 3,05,98,000 രൂപ (പദ്ധതിയേതരം)

തിരുവനന്തപുരത്തുള്ള വനിതാ ഐ.ടി.ഐ-യുടെ നടത്തിപ്പിനായി മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 85,000 രൂപയും യാത്രാബത്ത [04(1)] ഇനത്തിൽ 2.65 ലക്ഷം രൂപയും സ്ഥലംമാറ്റബത്ത [04(2)] ഇനത്തിൽ 43,000 രൂപയും അവധി യാത്രാനുകൂല്യം [04(4)]ഇനത്തിൽ 31,000 രൂപയും ടെലിഫോൺ ചെലവുകൾ [05(3)] ഇനത്തിൽ 5,000 രൂപയും ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ [05(4)] ഇനത്തിൽ 14,000 രൂപയും സ്കോളർഷിപ്പുകളും സ്റ്റൈപ്പെന്റുകളും [12] ഇനത്തിൽ 4 ലക്ഷം രൂപയും വെള്ളക്കരം [34(1)] ഇനത്തിൽ 10,000 രൂപയും വൈദ്യുതി ചെലവുകൾ [34(2)] ഇനത്തിൽ 2.3 ലക്ഷം രൂപയും മറ്റ് ചെലവുകൾ [34(3)] ഇനത്തിൽ 3 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 13.83 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

സർക്കാർ സ്വീകരിച്ച നടപടി

2230-03-101-96—വനിത വ്യാവസായിക പരിശീലന കേന്ദ്രം, തിരുവനന്തപുരം ശീർഷകത്തിൽ മറ്റ് ചെലവുകൾ ഇനത്തിൽ 61,000 രൂപ അഡീഷണൽ ഓതറൈസേഷൻ വഴി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2230-03-101-87—ഐ.ടി.ഐ. -കളുടെ നവീകരണം

വിഹിതം : 15,00,00,000 രൂപ (പദ്ധതി)

ഐ.ടി.ഐ.-കളിലെ നിലവിലുള്ള ട്രേഡുകൾ, ഉപകരണങ്ങൾ എന്നിവയുടെ നവീകരണത്തിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ മറ്റു ചെലവുകൾ [34] ഇനത്തിൽ 371.64 ലക്ഷം രൂപയും ചെറുകിട മരാമത്ത് പണികൾ [17] ഇനത്തിൽ 128.36 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 500 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

സർക്കാർ സ്വീകരിച്ച നടപടി

കോവിഡ്-19 രോഗബാധ രൂക്ഷമായതുമൂലമുള്ള പ്രതിസന്ധികൾ കാരണം ബഡ്ജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിക്കപ്പെടാതിരുന്നതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

2230-03-101-76—വ്യാവസായിക തൊഴിലാളികൾക്കും പരിശീലകർക്കും ആധുനിക തൊഴിൽ പരിശീലനം

വിഹിതം : 56,95,000 രൂപ (പദ്ധതിയേതരം)

വ്യാവസായിക തൊഴിലാളികൾക്കും പരിശീലകർക്കും ആധുനിക തൊഴിൽ പരിശീലനം നൽകുന്നതിനായി സ്ഥാപിച്ചിട്ടുള്ള എ.വി.റ്റി.എസ്, കളമശ്ശേരി എന്ന സ്ഥാപനത്തിന് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 1.92 ലക്ഷം രൂപയും യാത്രാബത്ത [04(1)] ഇനത്തിൽ 1.24 ലക്ഷം രൂപയും സ്ഥലംമാറ്റബത്ത [04(2)] ഇനത്തിൽ 28,000 രൂപയും അവധി യാത്രാനുകൂല്യം [04(4)]ഇനത്തിൽ 33,000 രൂപയും ടെലിഫോൺ ചെലവുകൾ [05(3)] ഇനത്തിൽ 17,000 രൂപയും ഓഫീസ് ചെലവുകൾ

മറ്റിനം [05(4)] ഇനത്തിൽ 10,000 രൂപയും ചെറുകിട മരാമത്ത് പണികൾ [17] ഇനത്തിൽ 1.99 ലക്ഷം രൂപയും മറ്റ് ചെലവുകൾ മറ്റിനം [34(3)] ഇനത്തിൽ 3.18 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 9.21 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

സർക്കാർ സ്വീകരിച്ച നടപടി

കോവിഡ് -19 രോഗബാധ രൂക്ഷമായതുമൂലമുള്ള പ്രതിസന്ധികൾ കാരണം ബഡ്ജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിക്കപ്പെടാതിരുന്നതിനാൽ അധികതുക ആവശ്യമായി വന്നില്ല.

ശിപാർശ

2230-03-101-74—വനിത ഐ.ടി.ഐ.- കൾ സ്ഥാപിക്കൽ (തൊഴിൽ പരിശീലനത്തിലെ ലിംഗ വിവേചനം ലഘൂകരിക്കൽ)

വിഹിതം : 2,29,56,000 രൂപ (പദ്ധതിയേതരം)

തൊഴിൽ പരിശീലനത്തിലെ ലിംഗവിവേചനം ലഘൂകരിക്കാൻ ഉദ്ദേശിച്ച് സ്ഥാപിക്കുന്ന വനിതാ ഐ.ടി.ഐ.-കളുടെ നടത്തിപ്പിനായി മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 1.9 ലക്ഷം രൂപയും യാത്രാബത്ത [04(1)] ഇനത്തിൽ 2.22 ലക്ഷം രൂപയും സ്ഥലംമാറ്റബത്ത [04(2)] ഇനത്തിൽ 20,000 രൂപയും അവധി യാത്രാനുകൂല്യം [04(4)]ഇനത്തിൽ 39,000 രൂപയും ടെലിഫോൺ ചെലവുകൾ [05(3)] ഇനത്തിൽ 36,000 രൂപയും ഓഫീസ് ചെലവുകൾ- മറ്റിനം [05(4)] ഇനത്തിൽ 30,000 രൂപയും സ്കോളർഷിപ്പുകളും സ്റ്റൈപ്പെന്റുകളും [12] ഇനത്തിൽ 35,000 രൂപയും വൈദ്യുതി ചെലവുകൾ [34(2)] ഇനത്തിൽ 39,000 രൂപയും മറ്റുചെലവുകൾ-മറ്റിനം [34(3)] ഇനത്തിൽ 60,000 രൂപയും ഉൾപ്പെടെ ആകെ 6.71 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

സർക്കാർ സ്വീകരിച്ച നടപടി

2230-03-101-74—വനിതാ ഐ.ടി.ഐ.-കൾ സ്ഥാപിക്കൽ എന്ന ശീർഷകത്തിൽ ടെലിഫോൺ ചെലവ് ഇനത്തിൽ 20,000 രൂപയും വൈദ്യുതി ചെലവ് ഇനത്തിൽ 35,000 രൂപയും ധനപുനഃവിനിയോഗംവഴി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2230-03-101-73—ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളിലെ ഐ.ടി.ഐ.-കൾ ശക്തിപ്പെടുത്തൽ

വിഹിതം : 88,00,000 രൂപ (പദ്ധതി)

ഭാഷാ ന്യൂനപക്ഷ പ്രദേശമായ ഇടുക്കി ജില്ലയിലെ ചിത്തിരപുരം, കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ, പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ എന്നീ ഐ.ടി.ഐ.-കൾക്കുള്ള കെട്ടിട നിർമ്മാണം, ഉപകരണ സംഭരണം എന്നിവയ്ക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 12 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

സർക്കാർ സ്വീകരിച്ച നടപടി

കോവിഡ്- 19 രോഗബാധ രൂക്ഷമായതുമൂലമുള്ള പ്രതിസന്ധികൾ കാരണം ബഡ്ജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിക്കപ്പെടാതിരുന്നതിനാൽ അധികതുക ആവശ്യമായി വന്നില്ല.

ശിപാർശ

2230-03-101-70—ഐ.ടി.ഐ.-ട്രെയിനികൾക്കുള്ള പോഷകാഹാര പദ്ധതി

വിഹിതം : 7,20,00,000 രൂപ (പദ്ധതി)

ഐ.ടി.ഐ. ട്രെയിനികൾക്ക് നിലവിലുള്ള പോഷകാഹാര പദ്ധതി തുടരുന്നതിനും ഈ സാമ്പത്തികവർഷം ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഇടുക്കി, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലെ ഐ. ടി. ഐ.-കൾക്കും പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ ഐ.ടി.ഐ.-യ്ക്കും ടി പദ്ധതിയുടെ ഗുണഫലം ലഭ്യമാക്കുന്നതിനും അനുവദിച്ച തുക അപര്യാപ്തമായതിനാൽ 2.8 കോടി രൂപ ഈ ശീർഷകത്തിൽഅധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

സർക്കാർ സ്വീകരിച്ച നടപടി

കോവിഡ്-19 രോഗബാധ രൂക്ഷമായതുമൂലമുള്ള പ്രതിസന്ധികൾ കാരണം ബഡ്ജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിക്കപ്പെടാതിരുന്നതിനാൽ അധികതുക ആവശ്യമായി വന്നില്ല.

ശിപാർശ

2230-03-101-68—പരസ്യം/പബ്ലിസിറ്റി

വിഹിതം : 95,00,000 രൂപ (പദ്ധതി)

തൊഴിൽസാധ്യതകൾ ഏറ്റവും കൂടുതൽ ഉപയുക്തമാക്കുന്നതിനും തൊഴിലില്ലായ്മ നിർമ്മാർജ്ജനം ചെയ്യുന്നതിനുമായി തൊഴിൽ വകുപ്പിന്റെ പ്രവർത്തനങ്ങൾ, സാധ്യതകൾ, ഗുണങ്ങൾ എന്നിവയെക്കുറിച്ച് മാധ്യമങ്ങളിലൂടെ പൊതുജന ശ്രദ്ധ കിട്ടുന്ന തരത്തിൽ വലിയ തോതിലുള്ള പ്രചരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും തൊഴിൽ പരിശീലന അവബോധം സൃഷ്ടിക്കുന്നതിനുമായി തൊഴിൽ മേളകൾ, നൈപുണ്യ വൈദഗ്ദ്ധ്യമേളകൾ എന്നിവ സംഘടിപ്പിക്കുന്നതിനും അനുവദിച്ച തുക അപര്യാപ്തമായതിനാൽ 15 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

സർക്കാർ സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിക്കപ്പെടാതിരുന്നതിനാൽ അധികതുക ആവശ്യമായി വന്നില്ല.

ശിപാർശ

2230-03-101-65-01—സ്റ്റേറ്റ് സ്കിൽ ഡെവലപ്മെന്റ് മിഷൻ കേരള

വിഹിതം : 3,00,000 രൂപ (പദ്ധതി)

കേന്ദ്ര സർക്കാരിന്റെ സ്കിൽ ഡെവലപ്മെന്റ് ആന്റ് എന്റർപ്രണർഷിപ്പ് മന്ത്രാലയത്തിന്റെ ലക്ഷ്യങ്ങൾ നേടുന്നതിനും നടപ്പാക്കുന്നതിനും രൂപീകരിച്ച ദേശീയ നൈപുണ്യ വികാസ യജ്ഞ (NSDM)-ത്തിനോടനുബന്ധിച്ച് സ്കിൽ ഇന്ത്യ മിഷൻ ഓപ്പറേഷൻ (SIMO)-ന്റെ ഭാഗമായി, സംസ്ഥാന സർക്കാർ കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ് (KASE)-നെ നോഡൽ ഏജൻസിയായി പരിഗണിച്ചുകൊണ്ട് നൈപുണ്യ വികസനത്തിനായി നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾക്കായുള്ള സംസ്ഥാന വിഹിതമായി 2020-21 വർഷത്തിൽ അനുവദിച്ച തുക ടി പദ്ധതിക്ക് അപര്യാപ്തമായതിനാൽ 77 ലക്ഷം രൂപ ഈ ശീർഷകത്തിൽഅധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സ്കിൽ ഇന്ത്യ മിഷൻ ഓപ്പറേഷന്റെ ഭാഗമായി അനുവദിച്ച SANKALP പദ്ധതിക്കായി 2230-03-101-65-01-സ്റ്റേറ്റ് സ്കിൽ ഡെവലപ്മെന്റ് മിഷൻ കേരള എന്ന ശീർഷകത്തിൽ സംസ്ഥാന വിഹിതം ഉൾപ്പെടെ 10,12,51,000 രൂപ ഉപധനാഭ്യർത്ഥന വഴി അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2230-03-101-61—<u>വിദേശ രാജ്യങ്ങളിലേയ്ക്ക് സാങ്കേതിക കൈമാറ്റ പരിപാടി</u>

വിഹിതം : 75,00,000 രൂപ (പദ്ധതി)

2020-21 സാമ്പത്തിക വർഷം സർക്കാർ ഐ.ടി.ഐ.-കളിലെ വിവിധ ട്രേഡുകളിലെ 100 മികച്ച ട്രെയിനികൾക്ക് വിദേശരാജ്യത്ത് 4 ആഴ്ചത്തെ പരിശീലനം നൽകുന്നതിന് അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ <u>25 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 37)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കോവിഡ് -19 രോഗബാധ രൂക്ഷമായതുമൂലമുള്ള പ്രതിസന്ധികൾ കാരണം ബഡ്ജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിക്കപ്പെടാതിരുന്നതിനാൽ അധികതുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

2230-03-101-58—<u>ഗ്രീൻ കാമ്പസ്</u>

വിഹിതം : 75,00,000 രൂപ (പദ്ധതി)

വകുപ്പിനുകീഴിലെ തെരഞ്ഞെടുത്ത 14 ഐ.ടി.ഐ.-കളിൽ കേരള സംസ്ഥാന ഹരിത കേരള മിഷന്റെ സഹകരണത്തോടെ സൗരോർജ്ജ പ്ലാന്റ്, വിന്റ് മിൽ, മഴവെള്ള സംഭരണികൾ, ബയോഗ്യാസ് പ്ലാന്റുകൾ, ബയോ വേസ്റ്റ് ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവ ലഭ്യമാക്കി ഐ.ടി.ഐ.-കളെ ഹരിത ക്യാമ്പസുകളാക്കി മാറ്റുന്ന പ്രവർത്തനങ്ങൾ ഈ സാമ്പത്തിക വർഷവും നടപ്പിലാക്കുന്നതിനായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ <u>25 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു</u>

(ഖണ്ഡിക 38)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിക്കപ്പെടാതിരുന്നതിനാൽ അധികതുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

2230-03-101-56— <u>നൈപുണ്യ കർമ്മസേന</u>

വിഹിതം : 25,00,000 രൂപ (പദ്ധതി)

2018-ൽ സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിൽ സംഭവിച്ച ഇലക്ട്രിക്കൽ, പ്ലംബിംഗ്, കാർപ്പെന്ററി വിഭാഗത്തിലുള്ള കേടുപാടുകൾ പരിഹരിക്കുന്നതിന് വകുപ്പിലെ സാങ്കേതിക പരിജ്ഞാനമുള്ള ഉദ്യോഗസ്ഥരെയും ട്രെയിനികളെയും കൂട്ടിച്ചേർത്ത് രൂപീകരിച്ച നൈപുണ്യ കർമ്മസേനയെ ഒരു സ്ഥിരം സംവിധാനമാക്കി മാറ്റി സാമൂഹ്യമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്ക് ഇലക്ട്രിക്കൽ, വയറിംഗ്, പ്ലംമ്പിഗ്, കാർപ്പെന്ററി, വെൽഡിംഗ് തുടങ്ങിയ മേഖലകളിൽ സൗജന്യ സേവനം ലഭ്യമാക്കാനും ജില്ലാതല സമിതികൾ രൂപീകരിക്കാനും സംസ്ഥാന സർക്കാരിന്റെ 4 മിഷനുകളുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനും വകുപ്പ് ലക്ഷ്യമിടുന്നുവെന്ന് സമിതി മനസ്സിലാക്കുന്നു. നൈപുണ്യകർമ്മസേനയിൽ അംഗങ്ങളാകുന്നവർക്ക് യൂണിഫോം, ടൂൾകിറ്റ്, യാത്രാപ്പടി, മറ്റടിയന്തരാവശ്യങ്ങൾ എന്നിവയ്ക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ <u>25 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 39)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിക്കപ്പെടാതിരുന്നതിനാൽ അധികതുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

2230-03-102-99—<u>ദേശീയ തൊഴിലഭ്യസന പരിപാടികൾ</u>

വിഹിതം : 4,83,44,000 രൂപ (പദ്ധതിയേതരം)

ദേശീയ തൊഴിലഭ്യസന സെന്ററുകളുടെ നടത്തിപ്പിനായി <u>മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 9.55 ലക്ഷം രൂപയും യാത്രാബത്ത [04(1)] ഇനത്തിൽ 4.5 ലക്ഷം</u>

രൂപയും സ്ഥലംമാറ്റബത്ത [04(2)] ഇനത്തിൽ 24,000 രൂപയും അവധിയാത്രാനുകൂല്യം [04(4)] ഇനത്തിൽ 61,000 രൂപയും വെള്ളക്കരം [05(1)] ഇനത്തിൽ 26,000 രൂപയും വൈദ്യുതിചെലവുകൾ [05(2)] ഇനത്തിൽ 1.3 ലക്ഷം രൂപയും ടെലിഫോൺ ചെലവുകൾ [05(3)] ഇനത്തിൽ 30,000 രൂപയും ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ [05(4)] ഇനത്തിൽ 50,000 രൂപയും സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും [12] ഇനത്തിൽ 5.5 ലക്ഷം രൂപയും ചെറുകിട മരാമത്ത് പണികൾ [17] ഇനത്തിൽ 2 ലക്ഷം രൂപയും തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ [28] ഇനത്തിൽ 5.3 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 30.06 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

സർക്കാർ സ്വീകരിച്ച നടപടി

2230-03-102-99—ദേശീയ തൊഴിലഭ്യസന പരിപാടികൾ എന്ന ശീർഷകത്തിൽ മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ഇനത്തിൽ 1,75,000 രൂപ ധനപുനഃവിനിയോഗംവഴി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2230-02-101-93-33—എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ഭിന്നശേഷിയുള്ള വർക്കായുള്ള പുനരധിവാസവും ക്ഷേമപ്രവർത്തനവും (കൈവല്യ) -സബ്സിഡികൾ

വിഹിതം : 3,00,00,000 രൂപ (പദ്ധതി)

കൈവല്യ പദ്ധതിയിലൂടെ സംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് സബ്സിഡി നൽകുന്നതിനും ഉദ്യോഗാർത്ഥികൾക്കായി പരിശീലന പരിപാടികളും കോച്ചിംഗ് ക്ലാസ്സുകളും സ്വയം തൊഴിൽ യൂണിറ്റുകൾ സന്ദർശിക്കുന്നതിനും മറ്റ് ചെലവുകൾക്കുമായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 14.3075 കോടി രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

ശിപാർശ

6250-60-800-97—കൈവല്യ പദ്ധതിയുടെ കീഴിലെ വായ്പകൾ

വിഹിതം : 3,00,00,000 രൂപ (പദ്ധതി)

കൈവല്യ പദ്ധതിയിലൂടെ പുതിയ വായ്പകൾ നൽകുന്നതിന് അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 14.3075 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

സർക്കാർ സ്വീകരിച്ച നടപടി (ഖണ്ഡിക 44 & 48-ന്റെ മറുപടി)

'കൈവല്യ' പദ്ധതിക്കായി 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 2230-02-101-93-33-(P) സബ്സിഡികൾ എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള മൂന്ന് കോടി രൂപയിൽനിന്നും 1.5 കോടി രൂപയും 6250-60-800-97 (P)-വായ്പകൾ എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള മൂന്ന് കോടി രൂപയിൽനിന്നും 1.5 കോടി രൂപയും ചേർത്ത് ആകെ മൂന്ന് കോടി രൂപ വിനിയോഗിക്കുന്നതിന് 22-7-2020-ലെ സ.ഉ.(സാധാ.)753/2020/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

'കൈവല്യ' സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതി പ്രകാരം സ്വയംതൊഴിൽ വായ്പയ്ക്കായി അപേക്ഷിച്ചവരിലെ തീർപ്പാക്കാൻ അവശേഷിക്കുന്ന അർഹമായ മുഴുവൻ അപേക്ഷകർക്കും (7449 പേർക്ക്), നാഷണൽ ഹാൻഡിക്യാപ്പ്ഡ് ഫിനാൻസ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ (NHFDC) സംസ്ഥാന ചാനലൈസിംഗ് ഏജൻസിയായ കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേന 37.245 കോടി രൂപ ലഭ്യമാക്കി, ഒറ്റത്തവണ തീർപ്പാക്കൽ വ്യവസ്ഥയിൽ എത്രയുംവേഗം സ്വയംതൊഴിൽ വായ്പ അനുവദിച്ചുനൽകുന്ന പദ്ധതി നടപ്പിലാക്കുന്നതിന് 30-9-2020 -ലെ സ.ഉ.(കൈ) നമ്പർ 42/2020/തൊഴിൽ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ, നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം) വകുപ്പും കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനും തമ്മിൽ ധാരണാപത്രം ഒപ്പിട്ട് തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

'കൈവല്യ' പദ്ധതിയുടെ ലോൺ, സബ്സിഡി ശീർഷകങ്ങളിലായി റിലീസ് ചെയ്യുന്നതിന് ആകെ 3 കോടി രൂപ അവശേഷിക്കുന്നതിനാലും പദ്ധതിക്കുകീഴിൽ കുടിശ്ശികയായിട്ടുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിന് നാഷണൽ ഹാൻഡിക്യാപ്പ്ഡ് ഫിനാൻസ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ (NHFDC) സാമ്പത്തിക സഹായം സ്വീകരിക്കുന്നതിന് അനുമതി നൽകിയിട്ടുള്ള സാഹചര്യത്തിലും പദ്ധതി ശീർഷകത്തിൽ അധികതുക അനുവദിക്കേണ്ട സാഹചര്യം നിലവിലില്ല എന്ന് ധനകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട്.

ശിപാർശ

2230-02-101-91-33—രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ/ ഉപേക്ഷിക്കപ്പെട്ടവർ /വേർപിരിഞ്ഞവർ/അവിവാഹിതർ/വിവാഹം കഴിക്കാത്ത അമ്മമാർ എന്നിവർക്കായുള്ള സ്വയം തൊഴിൽ പദ്ധതി (ശരണ്യ) - സബ്സിഡികൾ

വിഹിതം : 8,50,00,000 രൂപ (പദ്ധതി)

ശരണ്യ പദ്ധതി പ്രകാരം സംരംഭകത്വ പരിശീലനം ലഭിച്ചവർക്ക് സബ്സിഡി വിതരണം ചെയ്യുന്നതിന് വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 75 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

ശിപാർശ

6250-60-800-96—രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ /ഉപേക്ഷിക്കപ്പെട്ടവർ/ വേർപിരിഞ്ഞവർ / അവിവാഹിതർ വിവാഹം കഴിക്കാത്ത അമ്മമാർ എന്നിവർക്കായുള്ള സ്വയം തൊഴിൽ പദ്ധതി (ശരണ്യ)

വിഹിതം : 8,50,00,000 രൂപ (പദ്ധതി)

ശരണ്യ പദ്ധതിയിലൂടെ പുതിയ വായ്പകൾ നൽകുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 45 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

സർക്കാർ സ്വീകരിച്ച നടപടി (ഖണ്ഡിക 46 & 49-ന്റെ മറുപടി)

ശരണ്യ പദ്ധതിക്ക് അധികതുക ആവശ്യമുള്ളപക്ഷം, തുകയുടെ ആവശ്യകത വ്യക്തമാക്കി, അനുബന്ധരേഖകളും നടപ്പ് വർഷം ശീർഷകത്തിൽനിന്നും അനുവദിച്ച തുകയുടെ വിനിയോഗ വിവരങ്ങളും സഹിതം ശിപാർശ ലഭ്യമാക്കേണ്ടതാണെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിരുന്ന വിവരം എംപ്ലോയ്മെന്റ് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്.

ശിപാർശ

4202-02-800-95—ഐ.ടി.ഐ. കെട്ടിടങ്ങൾ-മരാമത്ത് പണികൾ

വിഹിതം : 15,00,00,000 രൂപ (പദ്ധതി)

വ്യാവസായിക പരിശീലന വകുപ്പിൽ പുതുതായി അനുവദിക്കുന്ന ഐ.ടി.ഐ.-കൾക്കും സ്വന്തമായി ഭൂമിയുള്ള ഐ.ടി.ഐ.-കൾക്കും ആവശ്യമായ കെട്ടിട നിർമ്മാണം, നിലവിലുള്ള ഐ.ടി.ഐ.-കൾക്ക് ആവശ്യമായ പുതിയ കെട്ടിട നിർമ്മാണം, ക്ലാസ്സ് റൂം, വർക്ക്ഷോപ്പ്, അഡ്മിനിസ്റ്റേറ്റീവ് ബ്ലോക്ക്, സ്റ്റാഫ് ക്വാർട്ടേഴ്സ്, ട്രെയിനീസ് ഹോസ്റ്റൽ തുടങ്ങിയവയ്ക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 25 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

സർക്കാർ സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിക്കപ്പെടാതിരുന്നതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

**ഇൻഷ്വറൻസ് മെഡിക്കൽ വിഭാഗം**

ശിപാർശ

2210-01-102-99—ഭരണവിഭാഗം

വിഹിതം : 7,55,89,000 രൂപ (പദ്ധതിയേതരം)

ഇന്ധനവില വർദ്ധിക്കുന്ന സാഹചര്യത്തിൽ 2020-21-ൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പി.ഒ.എൽ. [45] ഇനത്തിൽ 1.5 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 63)

സർക്കാർ സ്വീകരിച്ച നടപടി

2210-01-102-99-45 ശീർഷകത്തിൽ ബഡ്ജറ്റിൽ അനുവദിച്ചിരുന്ന തുക 2020-21 സാമ്പത്തിക വർഷത്തെ ചെലവുകൾക്ക് പര്യാപ്തമായതിനാൽ സമിതി ശിപാർശ ചെയ്ത അധികതുക അനുവദിക്കേണ്ടി വന്നില്ല

ശിപാർശ

2210-01-102-98—ഡിസ്പെൻസറികൾ

വിഹിതം : 1,75,06,55,000 രൂപ (പദ്ധതിയേതരം)

ഡിസ്പെൻസറികളിൽ 2020-21 സാമ്പത്തിക വർഷത്തിൽ ടെലിഫോൺ ചെലവ് [05(3)] ഇനത്തിൽ 11 ലക്ഷം രൂപയും മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] ഇനത്തിൽ 2.46 ലക്ഷം രൂപയും സാധനസാമഗ്രികൾ [24] ഇനത്തിൽ 5 ലക്ഷം രൂപയും വെള്ളക്കരം [34(1)] ഇനത്തിൽ 10 ലക്ഷം രൂപയും പി.ഒ.എൽ. [45] ഇനത്തിൽ 3 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 31.46 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 64)

സർക്കാർ സ്വീകരിച്ച നടപടി

സ.ഉ (സാധാ.) നമ്പർ 5875/2020/ധന, തീയതി: 13-10-2020 പ്രകാരം 2210-01-102-98-05-3 ശീർഷകത്തിൽ 4,45,000 രൂപ (നാല് ലക്ഷത്തി നാല്പത്തി അയ്യായിരം രൂപ മാത്രം) ധനപുന:വിനിയോഗംവഴി അനുവദിച്ച് നൽകിയിട്ടുണ്ട്.

സ.ഉ.(സാധാ.) നമ്പർ 1640/2021/ധന, തീയതി: 20-2-2021 പ്രകാരം 2210-01-102-98-21-2 ശീർഷകത്തിൽ 2,50,000 രൂപ (രണ്ട് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) ധനപുനഃവിനിയോഗംവഴി അനുവദിച്ച് നൽകിയിട്ടുണ്ട്.

സ.ഉ.(സാധാ.) നമ്പർ 1640/2021/ധന, തീയതി: 20-2-2021 പ്രകാരം 2210-01-102-98-45 ശീർഷകത്തിൽ 40,000 രൂപ (നാല്പതിനായിരം രൂപ മാത്രം) ധനപുന:വിനിയോഗംവഴി അനുവദിച്ച് നൽകിയിട്ടുണ്ട്.

2210-01-102-98-24-NP-V, 2210-01-102-98-34-01-NP-V ശീർഷകങ്ങളിൽ ബഡ്ജറ്റിൽ അനുവദിച്ചിരുന്ന തുക 2020-21 സാമ്പത്തിക വർഷത്തെ ചെലവുകൾക്ക് പര്യാപ്തമായതിനാൽ സമിതി ശിപാർശ ചെയ്ത അധികതുക അനുവദിക്കേണ്ടി വന്നില്ല.

ശിപാർശ

2210-01-102-96—ഇ.എസ്.ഐ.യുടെ കീഴിലുള്ള പ്രത്യേക ഘടക പദ്ധതികൾക്കുള്ള ചെലവ്

വിഹിതം : 62,41,97,000 രൂപ (പദ്ധതിയേതരം)

ഇ.എസ്.ഐ.യുടെ കീഴിലുള്ള പ്രത്യേക ഘടക പദ്ധതികളുടെ 2020-21 സാമ്പത്തിക വർഷത്തെ നടത്തിപ്പിനായി ഡ്രഗ്സും ഡ്രസ്സിംഗ്സും [01] ഇനത്തിൽ 14 കോടി രൂപയും സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ [03] ഇനത്തിൽ 3 കോടി രൂപയും മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് [04] ഇനത്തിൽ 2 കോടി രൂപയും യൂണിറ്റൊന്നിന് 25,000

രൂപയ്ക്ക് മുകളിൽ ചെലവ് വരുന്ന യന്ത്രോപകരണങ്ങൾ വാങ്ങൽ [07] ഇനത്തിൽ 6 കോടി രൂപയും വൈദ്യസുരക്ഷ നൽകുന്നതിനുവേണ്ടിയുള്ള ചെലവ് [12] ഇനത്തിൽ 6 കോടി രൂപയും ഉൾപ്പെടെ ആകെ 31 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 65)

സർക്കാർ സ്വീകരിച്ച നടപടി

സ.ഉ.(സാധാ.) നമ്പർ 5696/2020/ധന, തീയതി: 6-10-2020 പ്രകാരം 2210-01-102-96-01 ശീർഷകത്തിൽ 25,00,00,000 രൂപ (ഇരുപത്തിയഞ്ച് കോടി രൂപ) അഡീഷണൽ ഓതറൈസേഷൻവഴി അനുവദിച്ച് നല്കിയിട്ടുണ്ട്.

സ.ഉ.(സാധാ.) നമ്പർ 2224/2021/ധന, തീയതി: 10-3-2021 പ്രകാരം 2210-01-102-96-07 ശീർഷകത്തിൽ 7,02,83,000 രൂപ (ഏഴ് കോടി രണ്ട് ലക്ഷത്തി എൺപത്തി മൂവായിരം രൂപ മാത്രം) അഡീഷണൽ ഓതറൈസേഷൻ വഴി അനുവദിച്ച് നല്കിയിട്ടുണ്ട്.

സ.ഉ.(സാധാ.) നമ്പർ 2224/2021/ധന, തീയതി: 10-3-2021 പ്രകാരം 2210-01-102-96-12 ശീർഷകത്തിൽ 2,90,00,000 രൂപ (രണ്ട് കോടി തൊണ്ണൂറ് ലക്ഷം രൂപ മാത്രം) അഡീഷണൽ ഓതറൈസേഷൻ വഴി അനുവദിച്ച് നല്കിയിട്ടുണ്ട്.

2210-01-102-96-03, 2210-01-102-96-04 എന്നീ ശീർഷകങ്ങളിൽ ബഡ്ജറ്റിൽ അനുവദിച്ചിരുന്ന തുക 2020-21 സാമ്പത്തിക വർഷത്തെ ചെലവുകൾക്ക് പര്യാപ്തമായതിനാൽ സമിതി ശിപാർശ ചെയ്ത അധികതുക അനുവദിക്കേണ്ടി വന്നില്ല.

**ഊർജ്ജ വകുപ്പ്**

ശിപാർശ

**എനർജി മാനേജ്മെന്റ് സെന്റർ, കേരള**

2810-00-800-93—എനർജി മാനേജ് മെന്റ് സെന്റർ ധനസഹായം

വിഹിതം : 88,87,000 രൂപ (പദ്ധതിയേതരം)

2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ആവശ്യപ്പെട്ട തുക മുഴുവനും അനുവദിക്കാത്തതിനാൽ, സെന്ററിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനും മറ്റ് ദൈനംദിന പ്രവർത്തനങ്ങൾക്കും വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.4147 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 77)

## സർക്കാർ സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷത്തിൽ എനർജി മാനേജ്മെന്റ് സെന്ററിന് 2810-00-800-93 (NP) എന്ന ശീർഷകത്തിൽ അനുവദിച്ചിരുന്ന 88.87 ലക്ഷം രൂപയും 2021 ജനുവരിയോടുകൂടി റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്. ടി ശീർഷകത്തിൽ അവസാന ബാച്ച് ഉപധനാഭ്യർത്ഥനയിൽ വിഷയനിർണ്ണയ സമിതി VII-ന്റെ ശിപാർശയനുസരിച്ച് ആദ്യഘട്ടമായി 150 ലക്ഷം രൂപ വകയിരുത്തുന്നതിനുള്ള ശിപാർശ എനർജി മാനേജ്മെന്റ് സെന്റർ സമർപ്പിച്ചിരുന്നുവെങ്കിലും ധനകാര്യ വകുപ്പ് പ്രസ്തുത ശിപാർശ പരിഗണിച്ചില്ല. ധനകാര്യ വകുപ്പ് പ്രസ്തുത ശിപാർശ നിരസിച്ച സാഹചര്യത്തിൽ 2810-00-800-93(NP) ശീർഷകത്തിൽ 2.4147 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന ബഹു. സമിതിയുടെ ശിപാർശ പരിഗണിക്കാൻ നിർവ്വാഹമില്ല എന്ന വിവരം ബോധിപ്പിച്ചുകൊള്ളുന്നു.

## അദ്ധ്യായം II

2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിൽ സർക്കാരിൽ നിന്നുള്ള മറുപടി സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കാത്ത ഖണ്ഡികകൾ

| വകുപ്പ് | ഖണ്ഡിക നമ്പർ |
|---|---|
| തൊഴിലും നൈപുണ്യവും വകുപ്പ് | 9, 12, 15, 23, 41-43, 45, 47, 50-61 |
| ഊർജ്ജ വകുപ്പ് | 66-76, 78 |

തിരുവനന്തപുരം,
2021 ജൂൺ 30.

കെ. കൃഷ്ണൻകുട്ടി,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി* VII.